**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1077** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>മഞ്ചേരി മണ്ഡലത്തിലെ റവന്യൂ ഓഫീസുകളുടെ വികസനവും സേവന മെച്ചപ്പെടുത്തലും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. റഹ്മത്തുള്ള

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** മഞ്ചേരി നിയോജക മണ്ഡലത്തിലെ റവന്യൂ ഭരണസംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ജനങ്ങൾക്ക് ഏകജാലക സംവിധാനത്തിലൂടെ സേവനങ്ങൾ ലഭ്യമാക്കുന്നതിനും നിലവിലുള്ള മിനി സിവിൽ സ്റ്റേഷന്റെ രണ്ടാം ഘട്ട വികസനവും പുതിയ റവന്യൂ കോംപ്ലക്സ് നിർമ്മാണവും പരിഗണിക്കുമോ;

**<u>മറുപടി:</u>** മഞ്ചേരി മിനി സിവിൽ സ്റ്റേഷന്റെ രണ്ടാം ഘട്ട വികസനവും പുതിയ റവന്യൂ കോംപ്ലക്സ് നിർമ്മാണവും നടപ്പിലാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

**(ബി)** ഏറനാട് താലൂക്ക് ഓഫീസ് പരിധിയിലുള്ള വിവിധ വില്ലേജ് ഓഫീസുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവയെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിനും നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ;

**<u>മറുപടി:</u>** ഏറനാട് താലൂക്കിന് കീഴിലുള്ള മലപ്പുറം, പാണ്ടിക്കാട്, പൂക്കോട്ടൂർ, തൃക്കലങ്ങോട് എന്നീ വില്ലേജ് ഓഫീസുകൾ നിലവിൽ പൂർണ്ണമായും സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറ്റിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി വെട്ടിക്കാട്ടിരി വില്ലേജ് ഓഫീസിന്റെ അഡീഷണൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. സ്ഥല ലഭ്യതയും ഫണ്ട് ലഭ്യതയും വിധേയമായി ശോച്യാവസ്ഥയിലായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അവശേഷിക്കുന്ന വില്ലേജ് ഓഫീസുകൾ മുൻഗണനാക്രമത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്ന നടപടികൾ പരിഗണനയിലാണ്.

**(സി)** മഞ്ചേരി നിയോജകമണ്ഡലത്തിലെ റവന്യൂ ഓഫീസുകളിൽ നിലവിലുള്ള ജീവനക്കാരുടെ കുറവ് കാരണം പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാകുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ?

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഒഴിവുകൾ ചട്ടപ്രകാരം നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**